# പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1082 05/03/2018-ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിലെ നിയമാനുസൃത അവകാശി സാക്ഷ്യപത്രം

**ചോദ്യം**

**ശ്രീ. എൻ.എ.നെല്ലിക്കുന്ന്**

**ഉത്തരം**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) 2017 ജനുവരി ഒന്ന് മുതൽ 2018 ജനുവരി 31 വരെ നിയമാനുസൃത അവകാശി സാക്ഷ്യപത്രത്തിനു (ലീഗൽ ഹെയർ) വേണ്ടി കാസർഗോഡ് ജില്ലയിൽ എത്രപേർ അപേക്ഷ സമർപ്പിച്ചിരുന്നുവെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(എ) 2017 ജനുവരി 1 മുതൽ 2018 ജനുവരി 31 വരെ കാസർഗോഡ് ജില്ലയിൽ അനന്തരാവകാശ സർട്ടിഫിക്കറ്റിനു വേണ്ടി ലഭിച്ച അപേക്ഷകൾ താലൂക്ക് തിരിച്ച് താഴെ ചേർക്കുന്നു.

| | |
|---|---|
| മഞ്ചേശ്വരം | 434 |
| കാസർഗോഡ് | 1267 |
| ഹോസ്ദുർഗ് | 1202 |
| വെള്ളരിക്കുണ്ട് | 503 |

(ബി) മേൽപറഞ്ഞ കാലയളവിൽ ഓരോ മാസവും ലഭിച്ച അപേക്ഷയുടെ വിശദവിവരവും ഒരോ അപേക്ഷയിൻമേൽ എടുത്ത നടപടിയും വ്യക്തമാക്കാമോ;

(ബി) ഓരോ മാസവും ലഭിച്ച അപേക്ഷകളുടെ വിശദവിവരവും സ്വീകരിച്ച നടപടികളും.

| വർഷം | മാസം | താലൂക്ക് | | | |
|---|---|---|---|---|---|
| | | കാസർഗോഡ് | മഞ്ചേശ്വരം | ഹോസ്ദുർഗ് | വെള്ളരിക്കുണ്ട് |
| 2017 | ജനുവരി | 36 | 19 | 61 | 19 |
| | ഫെബ്രുവരി | 55 | 14 | 80 | 28 |
| | മാർച്ച് | 81 | 40 | 65 | 30 |
| | ഏപ്രിൽ | 73 | 23 | 72 | 20 |
| | മെയ് | 38 | 21 | 110 | 25 |
| | ജൂൺ | 63 | 22 | 88 | 33 |
| | ജൂലായ് | 169 | 47 | 52 | 74 |
| | ആഗസ്റ്റ് | 123 | 66 | 112 | 67 |
| | സെപ്റ്റംബർ | 119 | 23 | 68 | 26 |
| | ഒക്ടോബർ | 154 | 57 | 185 | 34 |
| | നവംബർ | 148 | 37 | 79 | 51 |

| | | | | | |
|---|---|---|---|---|---|
| | ഡിസംബർ | 112 | 34 | 108 | 43 |
| 2018 | ജനുവരി | 96 | 31 | 122 | 53 |
| **ആകെ** | | **1267** | **434** | **1202** | **503** |

താലൂക്ക് ഓഫീസുകളിൽ ലഭ്യമായ അപേക്ഷകളിന്മേൽ വിശദമായ അന്വേഷണം നടത്തി അവകാശികളെ സംബന്ധിച്ച വിവരങ്ങൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി നിർദ്ദിഷ്ഠ അപ്പീൽ കാലയളവിനു ശേഷം അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

(സി) ലീഗൽ ഹെയർ സർട്ടിഫിക്കറ്റ് സാധാരണ എത്ര ദിവസം കൊണ്ടാണ് ലഭ്യമാക്കുന്നത്;

താലൂക്ക് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തി സാക്ഷികളുടെ മൊഴി, അപേക്ഷകന്റെ മൊഴി, വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഗസറ്റിൽ പരസ്യപ്പെടുത്തി ആക്ഷേപം ഉന്നയിക്കുന്നതിനുള്ള സമയപരിധിയായ 30 ദിവസത്തിനുശേഷം 15 ദിവസത്തിനുള്ളിൽ അപേക്ഷകന് സർട്ടിഫിക്കറ്റ് അനുവദിക്കാറുണ്ട്.

(ഡി) അപേക്ഷ സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞാലും പ്രസ്തുത സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്ത അവസ്ഥ കാസർഗോഡ് ജില്ലയിൽ ഉണ്ടോ,

ന്യൂനതകൾ പരിഹരിക്കുന്നതിനായി കാലതാമസം നേരിടാറുണ്ട്.

(ഇ) എങ്കിൽ ഏത് താലൂക്കിലാണ് ഈ അവസ്ഥയെന്നും കാലവിളംബത്തിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ജില്ലയിലെ താലൂക്കുകളിൽ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള കാലതാമസം അല്ലാതെ അനാവശ്യമായ കാലവിളംബം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**